"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം,
ഇമെയിൽ: cru.dttvpm@kerala.gov.in, ഫോൺ: 0471 2303856

---

**DT/3757/2026-C1** **തീയതി: 05-09-2026**

---

# ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - **2026** പരിശീലന വർഷത്തിൽ **SCVET** സ്കീമിൽ അഡ്മിഷൻ നടന്നു വരുന്നതും, പുതുതായി ആരംഭിച്ചതുമായ നെടുമങ്ങാട് ഗവ ഐ ടി ഐ യിലേയും കൂടാതെ പേരാവൂർ ഐ ടി ഐ യിലെ ഫുഡ് ബീവറേജ് ട്രേഡിലേക്കും അഡ്മിഷൻ നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിച്ച വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:- പ്രോസ്പെക്ടസ് നമ്പർ: **SCVET/02/2026**

**********

**2026** പരിശീലന വർഷം മുതൽ, **SCVET** സ്കീമിൽ, നെടുമങ്ങാട് ഗവ ഐ ടി ഐ യിൽ അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള പ്രോസ്പെക്ടസ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അതിനോടൊപ്പം തന്നെ നിലവിൽ പ്രവർത്തിച്ച് വരുന്ന പേരാവൂർ ഗവ ഐ ടി ഐ യിൽ ഫുഡ് ബീവറേജ് ട്രേഡിലേക്കും പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. **20.08.2026** തീയതി മുതൽ **07.09.2026** തീയതി വരെ ആയിരുന്നു അഡ്മിഷൻ നടത്തുന്നതിനുള്ള സമയ പരിധി ആയി നിശ്ചയിച്ചിരുന്നത്.

എന്നാൽ ടി രണ്ട് ഐ ടി ഐ കളിലേക്കും അഡ്മിഷൻ പൂർത്തീകരിക്കുന്നതിന് മതിയായ അപേക്ഷകൾ ലഭിച്ചിട്ടില്ല എന്ന് സ്ഥാപന മേധാവിമാർ അറിയിച്ചിട്ടുണ്ട്. അതിനാൽ അഡ്മിഷൻ നടത്തുന്നതിനുള്ള സമയ പരിധി നിലവിൽ അനുവദിച്ചിരിക്കുന്ന **07.09.2026** തീയതിയിൽ നിന്നും ദീർഘിപ്പിക്കേണ്ടത് അനിവാര്യമാണ് എന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യം പരിഗണിച്ച് കൊണ്ട് ടി രണ്ട് ഐ ടി ഐ കളിലെയും, മേൽ വിവരിച്ച പ്രോസ്പെക്ടസ് പ്രകാരമുള്ള ട്രേഡുകളിലേക്കുള്ള അഡ്മിഷൻ ക്ലോസിംഗ് തീയതി **19.09.2026** വരെ ദീർഘിപ്പിക്കുന്നു. ബന്ധപ്പെട്ട സ്ഥാപന മേധാവിമാർ/അഡ്മിഷന് ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, ഇത് സംബന്ധിച്ച അറിയിപ്പുകൾ പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന വ്യാപകമായ പരസ്യ പ്രചാരണങ്ങൾ നൽകുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുമായി

ബന്ധപ്പെട്ട കൃത്യമായ ബോധവത്കരണം നടത്തേണ്ടതും, അഡ്മിഷൻ **100%** കൈവരിക്കുന്നതിനാവശ്യമായ അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**ഡെപ്യൂട്ടി ഡയറക്ടർ പ്ലാനിംഗ്**

സ്വീകർത്താവ്: ബന്ധപ്പെട്ട സ്ഥാപന മേധാവിമാർ/അഡ്മിഷന് ചുമതല ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ

Digitally signed by
Shynkumar G
Date: 05-09-2026
15:50:46

പകർപ്പ്:

1. തിരുവനന്തപുരം & കോഴിക്കോട് മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർമാർ
2. പ്രിൻസിപ്പാൾ ഐ ടി ഐ ആര്യനാട്, ഐ ടി ഐ പേരാവൂർ
3. മാനേജർ (ഇ-ഗവേർണൻസ്): വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
4. സ്റ്റോക്ക് ഫയൽ (സി1)